**പതിനാലാം കേരള നിയമ സഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര** ചിഹ്നമിടാത്ത **ചോദ്യം** നമ്പർ. **3940** **11.11.2019 - ൽ മറുപടിയ്ക്ക്**

**എം.ബി.ബി.എസ് -ന് എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സംവരണം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)** |
| (എ) | സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ എം.ബി.ബി.എസ് മെഡിക്കൽ സീറ്റിൽ ആകെ എത്ര സീറ്റുകളാണുള്ളത്; ഇതിൽ സംവരണതത്വം പാലിച്ച് പ്രവേശനത്തിന് നീക്കി വച്ചിട്ടുള്ള സീറ്റുകൾ എത്രയാണെന്ന് വിശദമാക്കാമോ; | (എ) | ആൾ ഇന്ത്യ ക്വോട്ട ,നോമിനി സീറ്റുകൾ പി.ഡി ക്വോട്ട , പ്രത്യേക സംവരണം , EWS ക്വോട്ട ഉൾപ്പടെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസി ന് ആകെ 1555 സീറ്റുകളുണ്ട്.നിർദേശാനുസൃത സംവരണം , EWS വിഭാഗത്തിനുള്ള പ്രത്യേക ക്വോട്ട , പാലക്കാട് മെഡിക്കൽ കോളേജിലെ SC/ST വിഭാഗത്തിനുള്ള അധിക സീറ്റുകൾ ഉൾപ്പടെ പ്രവേശന പരീക്ഷ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത് 1305 സീറ്റുകളാണ്.സംവരണ തത്വം പാലിച്ച് (സ്റ്റേറ്റ് മെറിറ്റ് ഉൾപ്പടെയുള്ള നിർദേശാനുസൃത സംവരണം) പ്രവേശനത്തിന് നീക്കിവച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം 1051 ആണ്. |
| (ബി) | എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ ഏത് സംവരണ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; ഈ വിഭാഗത്തിന് എത്ര ശതമാനമാണ് സംവരണമെന്ന് വ്യക്തമാക്കാമോ; | (ബി) | എസ്.ഐ.യു.സി വിഭാഗം ഉൾപ്പെടുന്ന " Backward Christian (BX)" -ന് 1 % സീറ്റാണ് സംവരണം ചെയ്തിട്ടുള്ളത് . |
| (സി) | 2019-20 അദ്ധ്യയന വർഷം ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് എം.ബി.ബി.എസ്. കോഴ്സിന് സർക്കാർ സീറ്റിൽ പ്രവേശനം ലഭിച്ചുവെന്നും ഏത് റാങ്ക് വരെയുള്ളവർക്കാണ് പ്രവേശനം ലഭിച്ചതെന്നും വ്യക്തമാക്കുമോ?; | (സി) | 2019 -20 അധ്യയന വർഷം എം.ബി.ബി. എസ് കോഴ്സിന് എസ്.ഐ.യു.സി ഉൾപ്പെടുന്ന Backward Christian (BX) വിഭാഗത്തിന് 10 സീറ്റുകളിൽ 10 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്.Backward Christian(BX) വിഭാഗത്തിൽ പ്രവേശനം ലഭിച്ച അവസാന വിദ്യർത്ഥിയുടെ മെഡിക്കൽ റാങ്ക് 4492 ആണ്. |

**സെക്ഷൻ ഓഫീസർ**